"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് - ജീവനക്കാര്യം- ഡെപ്യൂട്ടി ടൗൺ പ്ലാനർ, ശ്രീ. പ്രദീപ്.ആർ-ന്റെ നിയമനത്തിനായുള്ള കാത്തിരിപ്പ് കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1125/2024/LSGD തീയതി,തിരുവനന്തപുരം, 25-06-2024

പരാമർശം:-
1. സ.ഉ.(സാധാ) നം.2416/2018/ തസ്വഭവ തീയതി 13.09.2018
2. സ.ഉ.(സാധാ) നം.364/2019/ തസ്വഭവ തീയതി.19.02.2019
3. മുഖ്യ നഗരാസൂത്രകന്റെ 01/06/2020 തീയതിയിലെ A3/1068/2017 നമ്പർ കത്ത്
4. ശ്രീ. പ്രദീപ്. ആർ. ഡെപ്യൂട്ടി ടൗൺ പ്ലാനറുടെ 02/05/2024 തീയതിയിലെ അവധി അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.06.2024 തീയതിയിലെ LSGD/PD/2581/2023-DEA 5 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (പ്ലാനിംഗ്) വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.പ്രദീപ് ആർ -ന് 01.04.2017 മുതൽ 31.12.2018 വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശൂന്യവേതനാവധി 31.12.2018 അവസാനിച്ചതിനെത്തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന് നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ശൂന്യവേതനാവധി അവസാനിച്ചതിനെത്തുടർന്ന് ചീഫ് ടൗൺ പ്ലാനർ മുമ്പാകെ നേരിട്ട് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ നിയമനത്തിനായി കാത്തിരുന്ന 01.01.2019 മുതൽ 19.02.2019 അപരാഹ്നം വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി പരിഗണിച്ച് ക്രമീകരിക്കുവാൻ പരാമർശം (4) പ്രകാരം ശ്രീ. പ്രദീപ് ആർ. സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ (പ്ലാനിംഗ്) വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ, ശ്രീ. പ്രദീപ്.ആർ-ന്റെ

ശൂന്യവേതനാവധി 31.12.2018-ന് അവസാനിച്ചതിനെത്തുടർന്ന് നിയമനത്തിനായി കാത്തിരുന്ന 01.01.2019 മുതൽ 19.02.2019 അപരാഹ്നം വരെയുള്ള കാലയളവ് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധിയായി പരിഗണിച്ചുകൊണ്ട് ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഷറഫ് എ

അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, ജനറൽ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ. പ്രദീപ് ആർ., ഡെപ്യൂട്ടി ടൗൺ പ്ലാനർ, തദ്ദേശ സ്വയം ഭരണ വകുപ്പ്( സി റ്റി പി മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) ഓഡിറ്റ്, തൃശ്ശൂർ, കേരള

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( File No. LSGD-EU4/75/2020-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by

Keerthi I P

Date: 25-06-2024 12:46:50